(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് ; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആവശ്യമരുന്നുകളും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ 242 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 301 കോടി രൂപയുടെ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികളിൽ 2014-15 സാമ്പത്തിക വർഷം വിതരണം ചെയ്തു.

(സി) സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉള്ള വാർഷിക ഇൻഡന്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ക്രോഡീകരിച്ച് ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെ സംഭരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണശാലകളിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നു. ഏതെങ്കിലും മരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ ആയവ ആശുപത്രി മേധാവികൾ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ലോക്കൽ പർച്ചേസ് ചെയ്ത് ദൗർലഭ്യം പരിഹരിക്കുന്നുണ്ട്.

ആയുഷ് വകുപ്പ്

8 (*68) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതിയും ഇതര വിഭാഗങ്ങളും ചേർത്ത് ആയുഷ് വകുപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയുഷ്വകുപ്പ് രൂപീകരിക്കുന്നതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ദേശീയ ആയുഷ് മിഷനിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

ഭാരതീയ ചികിത്സാ രീതികളായ ആയുർവേദം, യോഗയും പ്രകൃതി (എ) ചികിത്സയും യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ124/2015/ആകുവ പ്രകാരം "ആയുഷ് " വകുപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ *.ചേർത്തിരിക്കുന്നു

(ബി) ഭാരതീയ ചികിത്സാ രീതികൾക്ക് കൂടുതൽ പ്രാമുഖ്യം നല്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ആയുഷ് വകുപ്പ് രൂപീകരിച്ചിരിക്കുന്നത്.ആയുഷ് വകുപ്പിന്റെ കീഴിൽ വരുന്ന ഭാരതീയ ചികിത്സാവകുപ്പ്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഡ്രഗ്സ് (എ.എസ്.യു.& എച്ച്.) മെഡിസിനൽ പ്ലാന്റ്സ്, ഹോമിയോപ്പതി മെഡിക്കൽ എഡ്യൂക്കേഷൻ, സ്റ്റേറ്റ് ആയുഷ് ഹെൽത്ത് സൊസൈറ്റി, നാഷണൽ ആയുഷ് മിഷൻ, ഔഷധി ഹോംകോ, ആയുഷ് ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പുരോഗതിക്കും ഉന്നമനത്തിനും ആയുഷ് വകുപ്പ് രൂപീകരിക്കുന്നതോടെ പ്രത്യേക പരിഗണന ലഭിക്കും. കേന്ദ്ര സംസ്ഥാന സർക്കാരിൽനിന്നും അധിക ധനസമാഹരണം നടത്താൻ സാധിക്കും. ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ സമഗ്ര പുരോഗതി, ഗവേഷണം, പഠനങ്ങൾ എന്നിവയാണ് ഈ വകുപ്പിന്റെ ലക്ഷ്യങ്ങൾ.

(സി) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തേക്ക് 950.064 ലക്ഷം രൂപ 2015 മാർച്ച് 31-ന് ലഭിക്കുകയുണ്ടായി. 2015-16-ൽ 1106.747 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 2 -ൽ ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

808/17

LIBRARY ARCHIVES Kerala Legislative Assembly